LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലം പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുണ്ട്. 24,856 രൂപയാണ് പ്രതിവർഷ പാട്ടത്തുക. 2015-16 വർഷംവരെയുള്ള പാട്ടത്തുക കിൻഫ്ര അടച്ചിട്ടുണ്ട്. കടിശ്ശികയൊന്നും നിലവിലില്ല.

(ബി) ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യുമായി കൂടിയാലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുന്നതിന് കിൻഫ്ര എം.ഡി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോയെന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ എം.ഡി. ബഹുമാനപ്പെട്ട എം.എൽ.എ.യുമായി കൂടിയാലോചിച്ച് ശിപാർശ സമർപ്പിക്കുവാൻ 17-7-2014-ൽ കൂടിയ യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത യോഗതീരുമാന പ്രകാരം സിഡ്കോയ്ക്ക് പി.പി.പി. മാതൃകയിൽ വ്യവസായം ആരംഭിക്കാൻ സാധിക്കുമോയെന്നുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) റാന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് 100 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിർദ്ദേശാനുസരണം അദ്ദേഹവുമായി കൂടിയാലോചിച്ച ശേഷം കിൻഫ്രയുടെ സാങ്കേതിക ടീമിനെ നിർദ്ദിഷ്ട ഭൂമി പരിശോധിക്കുന്നതിനായി അയയ്ക്കുന്നതാണ്. സാങ്കേതിക ടീമിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റാർട്ട് അപ് പോളിസി

183(2385) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് പോളിസിയുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 12-5-2015-ലെ സ.ഉ.(കൈ)14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ലോകോത്തര നിലവാരമുള്ള ശാസ്ത്ര സാങ്കേതിക പരിസരം സംസ്ഥാനത്തിനകത്ത് തന്നെ സൃഷ്ടിച്ച് യുവതലമുറയെ ശാക്തീകരിക്കുകയും അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ടെക്നോളജി സ്റ്റാർട്ട് അപ് നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 2014-ലെ കേരള സാങ്കേതിക സ്റ്റാർട്ട് അപ് നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരളത്തിലെ സ്റ്റാർട്ട് അപ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക.
2. അടുത്ത അഞ്ചുവർഷങ്ങളിലായി യുവസംരംഭകത്വ രംഗത്ത് 2500 കോടി രൂപ വിനിയോഗിക്കുക.
3. ഭാരതീയർ ഉടമസ്ഥരായുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തികൊണ്ടുവരിക.
4. വിവിധ വിഭാഗങ്ങളിലായി 10 സാങ്കേതിക ബിസിനസ്സ് ഇൻകുബേറ്റർ/ആക്സിലറേറ്റർ സ്ഥാപിക്കുക
5. 10000 സാങ്കേതിക ഉൽപ്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ എന്നിവ നൽകുക.
6. ഒരു ദശലക്ഷം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക
7. 2000 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ലഭ്യമാക്കുക
8. സ്റ്റാർട്ടപ്പുകളിൽനിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

(സി) സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സൊസൈറ്റിയായ കേരള സ്റ്റാർട്ടപ്പ് മിഷന് ഈ വർഷം മാത്രം ആകെ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 30 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. കാര്യക്ഷമവും സ്ഥായിയായതും ചെലവ് കുറഞ്ഞതുമായ പുതുസംരംഭങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

3. സംരംഭകത്വ വികസനത്തിനുവേണ്ടി മാത്രം സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ ഒരു ശതമാനം നീക്കിവച്ച ആദ്യ സംസ്ഥാനമാണ് കേരളം.

4. യുവതലമുറയിൽ സംരംഭകത്വ താൽപ്പര്യം ജനിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നേതൃത്വ പരിശീലന പരിപാടി, റാസ്പ്ബെറി പൈ പ്രോഗ്രാം, അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, സ്റ്റാർട്ടപ്പ് ഐ 3 തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

5. ടെക്നോളജി ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കളമശ്ശേരിയിൽ 13.20 ഏക്കർ സ്ഥലം ഏറ്റെടുത്ത് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

6. തിരുവനന്തപുരം ടെക്നോപാർക്കിലും കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകളും 20 കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചു.

7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർഹൗസ് സ്ഥാപിച്ചു.

8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ്സ് ആക്സിലറേറ്ററുകൾ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു.

പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ

184(2386) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly